**പതിമൂന്നാംകേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1400** | **13.12.2012 - ൽ മറുപടിക്ക്**

## പാലങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പുഴക്കൽപ്പടി, ഞെട്ടരക്കടവ്, ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം തോട്ടിൽ പാലം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ ; | (എ) നടത്തിയിട്ടുണ്ട്. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പുഴക്കൽപ്പടി, ഞെട്ടര ക്കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.റ്റി.പി. ഒന്നാംഘട്ടത്തിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ പാലക്കാട് - ഷൊർണ്ണൂർ റോഡിലാണ് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽപ്പെടുന്ന ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം തോട്ടിൽ പാലം സ്ഥിതിചെയ്യുന്നത്. ഈ പാലങ്ങൾ കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽപ്പെടുന്ന റോഡ് സേഫ്റ്റി വർക്കിൽപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുവേണ്ടി സോയിൽ ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം നടത്തിയിട്ടുണ്ട്. |
| (ബി) | അതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; ഓരോ പാലത്തിനും എന്തു തുകയാണ് ആവശ്യമായിട്ടുള്ളത് ; വിശദമാക്കുമോ; | (ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, പാലത്തിന്റെ രൂപകല്പന പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ ഓരോ പാലത്തിനും ആവശ്യമായ തുക അറിയാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | അതിനായുള്ള ഫയലുകളുടെ വിശദാംശം നൽകാമോ ; ഓരോന്നിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ? | (സി) | പുഴക്കൽപടി പാലത്തിനു ഫയൽ നം.സി.ഇ./ആർ.&ബി/പി.കെ.ഡി./8686/09 തീയതി 23.09.2009 പ്രകാരമാണ് ഇൻവെസ്റ്റിഗേഷനുള്ള അനുമതി നൽകിയത്. ഡിസൈൻ തയ്യാറാക്കുന്നതിനാവശ്യമായ സാധ്യത റിപ്പോർട്ട്, ഡ്രിക്ക് ചീഫ് എഞ്ചിനീയർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഞെട്ടരക്കടവ് പാലത്തിനു ഫയൽ നമ്പർ.സി.ഇ./ആർ.&ബി/പി.എൽ.ജി./ ഡി.ബി1/എം.പി. 121/09 പ്രകാരം റ്റി.എസ്. നമ്പർ.237/സി.ഇ./ആർ/09-10/261 തീയതി 25.09.2009 -ൽ 1.90 ലക്ഷം രൂപയ്ക്ക് ഇൻവെസ്റ്റിഗേഷനു അനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനാവശ്യമായ സാധ്യതാ റിപ്പോർട്ട് ഡ്രിക്ക് ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിസൈൻ പൂർത്തിയായാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.എസ്.റ്റി.പി. യിലേക്ക് നൽകി ആവശ്യമായ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ